അപേക്ഷ നിരുപാധികമായി അഡ്മിറ്റ് ചെയ്യുന്നുണ്ട്. ഇന്റർവ്യൂ തീയതി കഴിഞ്ഞ് ഒരു കാരണവശാലും പ്രമാണങ്ങൾ സ്വീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല.

e-result pro സോഫ്റ്റ്വെയർ മുഖേന റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ സർട്ടിഫിക്കറ്റ് പരിശോധനയിൽ വരുന്ന കാലതാമസം ഒഴിവാക്കാനായി മതിയായ കാരണങ്ങളുള്ള പക്ഷം മാത്രം പരമാവധി 7 ദിവസത്തെ സമയം മാത്രമേ അനുവദിക്കാവൂ എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രൊവിഷണലായി ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വരുന്നില്ല.

500-ൽ താഴെ അപേക്ഷകളുള്ള സേവന പരിചയം ആവശ്യമായ തസ്തികകളിന്മേൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന ആദ്യമേ തന്നെ പൂർത്തിയാക്കുന്നു. പ്രമാണങ്ങളുടെ സമർപ്പണത്തിന് അഥവാ സമർപ്പിക്കപ്പെട്ട പ്രമാണങ്ങളുടെ പിശകുകൾ പരിഹരിക്കുന്നതിന് മേലുദ്യോഗസ്ഥരുടെ നിരീക്ഷണത്തിനും ഉത്തരവുകൾക്കും വിധേയമായി പരമാവധി ഏഴ് ദിവസംവരെ സമയം അനുവദിക്കാറുണ്ട്. അപേക്ഷകരുടെ എണ്ണം വളരെ കൂടുതലുള്ള തസ്തികകൾ കമ്മീഷൻ ചെയർമാനും മെമ്പർമാരും നേരിട്ട് നിരീക്ഷിച്ച് പരീക്ഷാ വിഭാഗം അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തി സമയബന്ധിതമായി ചുരുക്കപ്പട്ടികകൾ പ്രസിദ്ധീകരിക്കാറുമുണ്ട്.

പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം

25 (*175) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;വിശദമാക്കുമോ ;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-സി) 15-2-2012-ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ പരിശോധിക്കുകയും, കേരളത്തിലെ പോലീസ്-ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടതാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ലോകായുക്ത

26 (*176) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ടി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും, നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ. പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly